www.muthalakodamstgeorgechurch.com



# മുതലക്കോടത്ത് മുത്തപ്പൻ

## ഇടവക ബുള്ളറ്റിൻ

വാല്യം 40 ലക്കം 09 സെപ്റ്റംബർ 2025



## പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാളും കുരിശിന്റെ പുകഴ്ചയുടെ തിരുനാളും

# സ്നേഹസ്മരണയ്ക്ക്......

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു...
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ: 11:25)

## 25-ാം ചരമവാർഷികം



# അബ്രാഹം ആന്റണി

## മാടപ്പിള്ളിൽ

### കുന്നം

ജനനം : 08-02-1934  മരണം : 05-09-2000

# മുതലക്കോടത്ത് മുത്തപ്പൻ






01 വികാരിയച്ചന്റെ സന്ദേശം
03 ഇടവക വാർത്തകൾ
04 സംഘടനാ വാർത്തകൾ
12 കുടുംബവാർത്തകൾ
13 പ്രധാന ദിനങ്ങൾ,
14 ബൈബിൾ ക്വിസ്
15 വാർഡ് പ്രാർത്ഥന
16 തിരുവചനവായനകൾ

Patron Mar George Madathikandathil
Published on First Sunday of every month
Phone : 04862 - 222786, 8281717867
E-mail : muthalakodam123@gmail.com

മാനേജിംഗ് എഡിറ്റർ റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ Mob : 9447400859
ചീഫ് എഡിറ്റേഴ്സ് റവ. ഫാ. സ്കറിയ മെതിപ്പാറ Mob : 9373856018
റവ. ഫാ. ജോസഫ് കാരക്കുന്നേൽ Mob : 9496902515
എഡിറ്റേഴ്സ് ശ്രീമതി ഗ്രേസി തോമസ് പാറയിൽ
സിസ്റ്റർ. പുഷ്പ മരിയ എസ്.എച്ച്
ശ്രീ. ജോജോ ജോസഫ് പാറത്തലയ്ക്കൽ
ശ്രീ. കെ. പി. മാത്യു കൊച്ചുപറമ്പിൽ
ശ്രീ. പോൾ വർഗീസ് മച്ചുകുഴി
ശ്രീ. ജോസഫ് തോട്ടത്തിമ്യാലിൽ
Ms.ഡോണ ബിജു അമ്പലത്തുരുത്തേൽ

# ആരോഗ്യ മേഖലയിൽ എന്നും നിങ്ങളോടൊപ്പം



ഹോം കളക്ഷൻ
സൗകര്യം ഉണ്ടായിരിക്കും

## മെഡിലൈഫ് ലബോറട്ടറി

പട്ടയംകവല, Mob: 88 91 48 48 65

എല്ലാവിധ ലാബ് ടെസ്റ്റുകളും
**മിതമായ നിരക്കിൽ** ചെയ്ത് കൊടുക്കപ്പെടുന്നു

- തൈറോയ്ഡ് റിസൽട്ടുകൾ വേഗത്തിൽ ലഭ്യമാണ്
- ഹെൽത്ത് പാക്കേജുകൾ
- റിസൽട്ടുകൾ വാട്സ്ആപ്പിൽ ലഭ്യമാണ്

**WORKING TIME**

Monday - Saturday - 6.30am to 3.30pm
Sunday - 6.30am to 12.30pm



ഓണം ഓഫർ
LED TV
Rs. 4990*
മുതൽ
MIXIE
Rs. 1390*
മുതൽ
FAN
Rs. 990*
മുതൽ
GAS STOVE
Rs. 990*
മുതൽ
Loan Mela
Exchange Mela
എല്ലാ ബ്രാന്റുകളും ലഭ്യമാണ്.
ഇടവക അംഗങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു.
*Conditions apply
ജോയി ബ്രദേഴ്സ്
T.V & ഹോം അപ്ലയൻസസ്
ചുരാപ്പുഴ ടവേഴ്സ്, പാലാ റോഡ്, തൊടുപുഴ
Ph: 9447312329


MASTERS
KSEB
NEAL
SOLAR
A NEAL INDUSTRIES COMPANY
HAPPY
Onam
May This Onam Bring Positivity,
Prosperity & Brighter Tomorrows
HAVELLS
UTL
adani
Deye
WAAREE
One with the Sun
ENPHASE
+91 85890 67771, +91 85890 67770
www.nealsolar.com



# വികാരിയച്ചന്റെ സന്ദേശം

എല്ലാക്കാലത്തും സ്ഥലത്തും സംസ്കാരത്തിലും ജന്മദിനാഘോഷങ്ങൾ വലിയ ആനന്ദത്തിന്റെ ഉത്സവങ്ങളാണ് – ജീവന്റെ ഉറവിടമായ ദൈവം മനുഷ്യകുടുംബത്തിലേക്ക് മറ്റൊരു മനുഷ്യനെ നൽകുന്ന അനുസ്മരണമാണല്ലോ ഓരോ ജന്മദിനവും. എല്ലാ വർഷവും സെപ്റ്റംബർ മാസം എട്ടാം തീയതി വലിയ സന്തോഷത്തോടെ സഭ ജീവിക്കുന്ന ദൈവവും നമ്മുടെ രക്ഷകനുമായ ക്രിസ്തുവിന്റെ അമ്മയായ മറിയത്തിന്റെ തിരുനാൾ ആഘോഷിക്കുന്നു.

മറിയത്തിന്റെ ജന്മദിനത്തിന് വലിയ പ്രത്യേകതയുണ്ട്. ദൈവം മറിയത്തെ ദൈവമാതാവായി, സഭയുടെ മാതാവായി, നമ്മുടെ മാതാവായി തിരഞ്ഞെടുത്ത ദിനം. അതിനാൽ പരിശുദ്ധ കന്യകാമറിയത്തിന്റെ ജന്മദിനത്തിൽ നാം സന്തോഷിക്കണം.

ജന്മപാപത്തിന്റെ കറയോ, കർമ്മപാപത്തിന്റെ നിഴലോ ഏൽക്കാത്ത പരിശുദ്ധ മറിയം ഈ ലോകത്തിൽ പാപമില്ലാത്തവളും യോഗ്യതകളിലും പുണ്യങ്ങളിലും നിറവുള്ളവളുമായിരുന്നു. ജനനസമയത്ത് പരിശുദ്ധ മറിയം പ്രാപിച്ച വിശുദ്ധിയുടെ തോത് മനസ്സിലാക്കണമെങ്കിൽ ഒന്നാമതായി ദൈവം പരിശുദ്ധ മറിയത്തെ സമ്പുഷ്ടമാക്കിയ ആദ്യത്തെ കൃപയുടെ മഹാത്മ്യം മനസ്സിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. രണ്ടാമതായി, പരിശുദ്ധമായ ആ കൃപകളോട് വിശ്വസ്തതയോടെ അവൾ വേഗത്തിൽ പ്രത്യുത്തരിച്ച രീതിയും. പരിശുദ്ധ മറിയത്തിന്റെ ജനന തിരുനാളിനോടനുബന്ധിച്ച് സെപ്റ്റംബർ ഒന്നു മുതൽ എട്ടു വരെയുള്ള തീയതികളിൽ എട്ട് നോമ്പ് അനുഷ്ഠിക്കുന്ന പതിവ് നമ്മുടെ സഭയിൽ ഉണ്ടല്ലോ. പരിശുദ്ധ അമ്മയോടുള്ള ബഹുമാനവും ഭക്തിയും വണക്കവും വർദ്ധിപ്പിക്കാൻ സുറിയാനി ക്രൈസ്തവർ ഈ നോമ്പ് ആചരിച്ചു പോരുന്നു.





ടിപ്പുസുൽത്താന്റെ പടയോട്ടത്തിൽ നിന്നും പരിശുദ്ധ മാതാവിന്റെ പ്രത്യേക മാദ്ധ്യസ്ഥ്യം യാചിച്ചുകൊണ്ട് കഠിനമായി ഉപവാസം അനുഷ്ഠിച്ച് പ്രാർത്ഥിച്ചതുവഴി രക്ഷ നേടിയ പൂർവികരുടെ പാരമ്പര്യം പേറുന്നവരാണ് സുറിയാനി ക്രൈസ്തവരായ നാമോരോരുത്തരും. ജീവിതത്തിലെ നീറുന്ന അനുഭവങ്ങളിലൂടെ കടന്നുപോകുന്ന എല്ലാവർക്കും പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം ഉറപ്പുള്ള കോട്ടയാണ്.

പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ ആഘോഷിക്കുമ്പോൾ അമ്മ നമുക്ക് പറഞ്ഞുതരുന്ന ഏതാനും കാര്യങ്ങളുണ്ട്. ജീവിതത്തെ അതിന്റെ എല്ലാ അനുഭവങ്ങളോടുംകൂടി അതേപടി സ്വീകരിക്കുക. ഒന്നും ആവശ്യപ്പെടാതെ, ഒന്നും നിരസിക്കാതെ, ഒന്നിനോടും പരിഭവിക്കാതെ ജീവിതത്തെ നേരിടുക. വിശ്വാസത്തിന്റെ ഒരു തീർഥയാത്രയായിരുന്നു പരിശുദ്ധ അമ്മയുടെ ജീവിതം. നമ്മിൽ ദൈവം ആരംഭിച്ചത് അവിടുന്ന് പൂർത്തിയാക്കുമെന്ന് വിശ്വാസത്തോടെയുള്ള യാത്രയിലൂടെ പരിശുദ്ധ അമ്മ നമുക്ക് കാണിച്ചുതരുന്നു.

സ്നേഹത്തോടെ,

വികാരിയച്ചൻ

റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ








**എട്ടുനോമ്പാചരണം**

പരി. അമ്മയുടെ പിറവിത്തിരുന്നാളിന് ഒരുക്കമായി ആചരിക്കുന്ന എട്ട് ദിവസത്തെ നോമ്പ് സെപ്റ്റംബർ 1 മുതൽ 8 വരെയാണ്. എല്ലാ ദിവസവും വൈകുന്നേരം 7 മണിക്ക് വി. കുർബാനയും നൊവേനയും ഉണ്ടായിരിക്കും. ഈ എട്ടു ദിവസങ്ങളിലും ഭക്തിപൂർവ്വം വി. കുർബാനയിലും നൊവേനയിലും പങ്കെടുത്തും സന്ധ്യാപ്രാർത്ഥനകളിൽ മാതാവിന്റെ ജപമാല ഭക്തിയോടെ ചൊല്ലിയും മാതാവിന്റെ അനുഗ്രഹം തേടാം.

**ലോഗോസ് ക്വിസ്**

ഈ വർഷത്തെ ലോഗോസ് ക്വിസ് പരീക്ഷ 2025 സെപ്റ്റംബർ 28 ഞായർ ഉച്ചകഴിഞ്ഞ് 02.00 മുതൽ 03.30 വരെ നടത്തപ്പെടുന്നു.

പാഠഭാഗങ്ങൾ :

**1. ന്യായാധിപന്മാർ 11 – 21**
**2. പ്രഭാഷകൻ 41 – 50**
**3. ലൂക്കാ 17 – 24**
**3. എഫേസൂ്യസ് 1 – 6**




# സംഘടനാ വാർത്തകൾ

## സൺഡേ സ്കൂൾ

* കാലത്തിന്റെ പ്രത്യേകതകളും വെല്ലുവിളികളും തിരിച്ചറിഞ്ഞ് ക്രിയാത്മകമായും സർഗ്ഗാത്മകമായും ചിന്തിച്ചു വളരാൻ ഒൻപതാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികൾക്കായി ഒരുക്കിയ IGNITE പരിശീലന പരിപാടിയിൽ ഈ ഇടവകയിൽ നിന്ന് നാല് കുട്ടികൾ പങ്കെടുത്തു. അതുപോലെ, 9 അധ്യാപകർ IGNITE ന്റെ നടത്തിപ്പിൽ പങ്കാളികളായി.
* ലോഗോസ് എൻട്രി പൂർത്തിയാക്കി വിജ്ഞാനഭവനിൽ എത്തിച്ചു.
* 5, 6, 7 ക്ലാസുകളിലെ കുട്ടികളുടെ മാതാപിതാക്കൾക്കായി ക്ലാസ്സെടുത്തു.
* ഇടവകവൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ നമ്മുടെ ബഹുമാനപ്പെട്ട വികാരിയച്ചനെയും കൊച്ചച്ചന്മാരെയും ആദരിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.
* വിയാനി പുണ്യവാന്റെ തിരുനാൾ ദിനത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചന്റേയും കൊച്ചച്ചന്മാരുടേയം നേതൃത്വത്തിൽ മതാധ്യാപകരും, മിഷൻ ലീഗ് കുട്ടികളും സാൻജോഭവനിൽ എത്തി ബഹു. വൈദികരെ ആദരിക്കുകയും കേക്ക് മുറിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.
* 10, 11, 12 ക്ലാസിലെ കുട്ടികളുടെ മാതാപിതാക്കൾക്കായി ശ്രീ. ജിബിൻ പുൽപറമ്പിൽ ക്ലാസ് നയിച്ചു.
* സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് വിവിധ സംഘടനകൾ നടത്തിയ ലഹരിവിരുദ്ധസന്ദേശറാലിയിൽ സൺഡേ സ്കുൾ കുട്ടികൾ പങ്കെടുത്ത് വൻവിജയമാക്കി.
* മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ദിനത്തിൽ വി. കുർബാനയ്ക്കുശേഷം മരിയൻ റാലി സംഘടിപ്പിച്ചു. കുട്ടികൾ തൊപ്പി ധരിച്ച് പതാകയുമേന്തി റാലി നടത്തി. അന്നേദിവസം രണ്ടാം ഗ്രൂപ്പിന്റെ കൾചറർ പ്രോഗ്രാം ഓഡിറ്റോറിയത്തിൽ വച്ച് നടത്തുകയും ചെയ്തു.

* ഓഗസ്റ്റ് 10 ന് പുതിയ അൾത്താരബാലന്മാരെ സ്വാഗതം ചെയ്തു.

സെപ്റ്റംബർ

* എട്ടു നോമ്പ് ആരംഭം

* എട്ടാം തീയതി പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ.

* പ്രൈവറ്റ് രജിസ്ട്രേഷനുള്ള കുട്ടികളുടെ കോൺടാക്ട് ക്ലാസ്സ് 12, 13 തീയതികളിൽ വെള്ളി 5 pm മുതൽ ശനി 4 pm വരെ നെസ്റ്റിൽ.

* സെപ്റ്റംബർ 14 വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ.

* 20, 21 - പ്രതിഭാ സംഗമം. ശനി 09:30 pm മുതൽ ഞായർ 04:30 pm വരെ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച്.

* സെപ്റ്റംബർ 20 ശനി വി. മത്തായി ശ്ലീഹായുടെ തിരുനാൾ.

* 27 ശനി വി. വിൻസന്റ് ഡി പോളിന്റെ തിരുനാൾ.

* 28 സൺഡേ, ലോഗോസ് ക്വിസ് രൂപതാതലം. 02.30 pm മുതൽ 03.30 pm വരെ

## ചെറുപുഷ്പ മിഷൻലീഗ്

* Grand Parents Day യോട് അനുബന്ധിച്ച് മുതലക്കോടത്തുള്ള സ്നേഹാലയം സന്ദർശിച്ചു. അവർക്കു സ്നേഹവിരുന്നു നൽകുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. അവരോടു സംസാരിച്ചും സുഖാന്വേഷണങ്ങൾ നടത്തിയും സമയം ചിലവഴിച്ചു.

* വി. അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് അസാധാരണ സമ്മേളനവും പൊതുദിവ്യകാരുണ്യ സ്വീകരണവും നടത്തി. അൽഫോൻസാ മഹാസംഗമത്തിൽ ശാഖാംഗങ്ങൾ സജീവമായി പങ്കുചേർന്നു. കൂടാതെ തിരുനാളിനോട് അനുബന്ധിച്ച് നടത്തിയ ഭരണങ്ങാനം തീർത്ഥാടനത്തിലും പങ്കുചേർന്നു.

* ഛത്തീസ്ഗഡിൽ രണ്ട് മലയാളി കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് തൊടുപുഴയിൽ നടന്ന പ്രതിഷേധ റാലിയിൽ മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്തു.

* വിയാനി പുണ്യവാന്റെ തിരുനാൾദിനത്തിൽ ബഹുമാനപ്പെട്ട വികാരി അച്ചനും കൊച്ചച്ചന്മാർക്കും ആശംസകൾ നേർന്നു. വി. വിയാനിയുടെ വേഷത്തിലാണ് ആശംസകൾ നേർന്നത്. കൂടാതെ ആശംസാപ്രസംഗവും നടത്തി.

* വി. വിയാനിയുടെ തിരുനാൾ ദിനത്തിൽ മുതലക്കോടത്തുള്ള പ്രീസ്റ്റ് ഹോം സന്ദർശിച്ച് അവിടെയുള്ള വൈദികർക്ക് ആശംസകൾ നേരുകയും അവരോടൊപ്പം കേക്ക് മുറിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.
* മേഖലാതലത്തിൽ നടന്ന അൾത്താരബാലന്മാരുടെ സംഗമത്തിൽ ശാഖയിൽ നിന്നു അൾത്താരബാലന്മാർ പങ്കെടുത്തു. അന്നേദിനം നടന്ന ഷൂട്ട് ഔട്ടിൽ നമ്മുടെ വോൾട്ടർ ബോയ്സ് സെക്കന്റ് പ്രൈസ് നേടി. വിജയികൾക്ക് അനുമോദനങ്ങൾ.
* സെക്കന്റ് സാറ്റർഡേ ജപമാല റാലി നടത്തി.
* കുഞ്ഞേട്ടൻ അനുസ്മരണ ദിനത്തിൽ കുഞ്ഞേട്ടന്റെ ചരിത്രം അവതരിപ്പിച്ചു. പൊതു ദിവ്യകാരുണ്യ സ്വീകരണം നടത്തി.
* മേഖലാ സാഹിത്യ മത്സരത്തിൽ ശാഖയിൽ നിന്നും 40 പേർ പങ്കെടുത്തു. ഓവറോൾ ഫസ്റ്റ് നേടി. മത്സരത്തിൽ പങ്കെടുത്തവർക്കും മാതാപിതാക്കൾക്കും അധ്യാപകർക്കും അഭിനന്ദനങ്ങൾ.
* ‘Peace begins with a smile’ എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഫോട്ടോഗ്രഫി മത്സരം നടത്തി.

## കെ.സി.വൈ.എം

- രചനാമത്സരം : ഓഗസ്റ്റ് 3 ന് നടന്ന രൂപതാതല രചനാമത്സരത്തിൽ ഇടവകയിലെ യുവജനങ്ങൾ പങ്കെടുത്തു.
- സാഹിത്യമത്സരം : ചെറുപുഷ്പമിഷൻലീഗ് മുതലക്കോടം മേഖലയിൽ നടന്ന സാഹിത്യമത്സരത്തിൽ ബെനഡിക് ചാക്കോ, എലിസബത്ത് വിൻസന്റ്, ബിന്നു ടോമി, അന്നു ടോമി എന്നിവർ വിവിധ മത്സരങ്ങൾക്ക് സമ്മാനം കരസ്ഥമാക്കി.
- ഫൊറോന പ്രവർത്തനവർഷം ഉദ്ഘാടനം : ഓഗസ്റ്റ് 9-ാം തീയതി നടന്ന കെ.സി.വൈ.എം മുതലക്കോടം ഫൊറോനയുടെ, കോടിക്കുളം ഇടവകയിൽ വച്ച് നടന്ന പ്രവർത്തനവർഷ ഉദ്ഘാടനത്തിൽ യുവജനങ്ങൾ പങ്കെടുക്കുകയും വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.
- അഭിനന്ദനങ്ങൾ : എം.എ ഹിന്ദി പരീഷയിൽ എം.ജി യൂണിവേഴ്സിറ്റിയിൽനിന്ന് രണ്ടാം റാങ്ക് കരസ്ഥമാക്കിയ അന്നു ടോമിക്ക് മുതലക്കോടം കെ.സി.വൈ.എം. കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

- യൂണിറ്റ് ലീഡേഴ്സ് ക്യാമ്പ് : ഓഗസ്റ്റ് 15, 16 തീയതികളിലായി മൂവാറ്റുപുഴ പാസ്റ്ററൽ സെന്ററിൽ വച്ച്, കെ.സി.വൈ.എം. കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തിയ യൂണിറ്റി ലീഡേഴ്സ് ക്യാമ്പിൽ ബിന്നു ടോമി, ക്രിസ് ജോർജ് എന്നിവർ പങ്കെടുത്തു.

## മാതൃവേദി

* ഓഗസ്റ്റ് 3-ാം തീയതി മാതൃവേദിയുടെ പ്രതിമാസ സമ്മേളനം നടന്നു.

### കാഴ്ച സമർപ്പണം

* ഓഗസ്റ്റ് 24-ാം തീയതി വി. മോനിക്ക പുണ്യവതിയുടെ തിരുനാൾ പ്രമാണിച്ച് ഓഗസ്റ്റ് 3-ാം തീയതി അമ്മമാർ 04.30 ന്റെ വി. കുർബാനയ്ക്ക് കാഴ്ച സമർപ്പണം നടത്തി.

* വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് ബഹു. വികാരിയച്ചനും കൊച്ചച്ചന്മാർക്കും ഫീസ്റ്റിന്റെ മംഗളങ്ങൾ ആശംസിച്ചു. യൂണിറ്റിൽ കേക്ക് മുറിച്ച് മധുരം പങ്കുവച്ചു.

### ക്ലാസ്

* Fr. Geo Thannickapara OFM Cap. അമ്മമാർക്ക് ക്ലാസ് എടുത്തു. മാതൃവേദി സംഘടനയുടെ ലക്ഷ്യത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും മനസ്സിലാക്കിത്തന്നു.

* AKCC യുടെ നേതൃത്വത്തിൽ ലഹരിക്കെതിരെ "വാൻ 25" എന്ന പേരിൽ സ്വാതന്ത്ര്യദിനത്തിൽ നടത്തിയ റാലിയിൽ മാതൃവേദി അമ്മമാർ പങ്കെടുത്തു.

### ഉത്ഘാടനം

* ഫൊറോനാപ്രവർത്തനവർഷഉത്ഘാടനവും മാർഗരേഖ പ്രകാശനവും മാതൃവേദി രൂപതാ ഡയറക്ടർ Fr. Antony Puthenkulam ഓഗസ്റ്റ് 19-ാം തീയതി ചൊവ്വാഴ്ച നിർവ്വഹിച്ചു.

### സെപ്റ്റംബർ മാസസമ്മേളനം

* സെപ്റ്റംബർ 7-ാം തീയതി ആദ്യഞായറാഴ്ച രണ്ട് മണിക്ക് മാതൃവേദി മീറ്റിംഗ് ഉണ്ടായിരിക്കും. അന്ന് യൂണിറ്റിൽ ഓണാഘോഷം ഉണ്ടായിരിക്കും.

## പിതൃവേദി

- എല്ലാ മാസവും രണ്ടാമത്തെ വെള്ളിയാഴ്ച രാവിലെ 9 മണി മുതൽ ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ കിടപ്പു രോഗികളായവരുടെ ഭവനങ്ങളിൽ വി. കുർബാന എത്തിച്ചു നൽകുന്നതായിരിക്കും. ബന്ധപ്പെട്ടവർ ഓഫീസിൽ അറിയിക്കുമല്ലോ.
- എല്ലാ ആദ്യ ശനിയാഴ്ചകളിലും വൈകുന്നേരത്തെ 7 മണിയുടെ വി. കുർബാനയ്ക്ക് ശേഷം ദേവാലയത്തിനു ചുറ്റും ജപമാല പ്രദക്ഷിണം ഉണ്ടായിരിക്കുന്നതാണ്. സാധിക്കുന്നവർ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.
- പിതൃവേദിയുടെ പുതിയ ട്രഷറർ ആയി ശ്രീ. സഖറിയാസ് കാപ്പിൽ തെരഞ്ഞെടുക്കപ്പെട്ടു.

## സെന്റ് വിൻസെന്റ് ഡീപോൾ സൊസൈറ്റി സെന്റ് ജോർജ് കോൺഫറൻസ് മുതലക്കോടം

* എല്ലാ ഞായറാഴ്ചയും 08.30 ന് ഓഫീസിൽ മീറ്റിംഗും പ്രാർത്ഥനയും നടത്തുന്നു. കോൺഫറൻസ് തീരുമാനം അനുസരിച്ച് 7 ദത്തു കുടുംബങ്ങൾക്ക് സഹായങ്ങൾ എത്തിക്കുന്നു. 4 വ്യക്തികൾക്ക് ചികിത്സാസഹായം നൽകി.
* കിടപ്പുരോഗികളെയും, സഹായം അർഹിക്കുന്നവരെയും കണ്ടെത്തുവാനും പ്രാർത്ഥിക്കുവാനും ആയി കോൺഫ്രൻസ് അംഗങ്ങളുടെ ഭവനസന്ദർശനം തുടരുന്നു.
* ഭവന സന്ദർശനം - 55, രോഗി സന്ദർശനം - 65, ദത്തുകുടുംബ സന്ദർശനം - 14, താൽക്കാലിക സഹായം - 6
* വിൻസെന്റ് ഡീ പോൾ മുതലക്കോടം കോൺഫറൻസിന്റെ പ്ലാറ്റിനം ജൂബിലിയുടെ (75 Years) ഭാഗമായി ഇടവകാംഗമായ ഒരു വ്യക്തിക്ക് വീട് പണിതു കൊടുക്കുന്നതിനായി പ്രാരംഭ നടപടികൾ ആരംഭിച്ചു.
* പ്രാർത്ഥനയിലൂടെയും സ്നേഹസംഭാഷണങ്ങളിലൂടെയും പര സ്നേഹ പ്രവർത്തനങ്ങളിലൂടെയും ക്രിസ്തുവിന് സാക്ഷ്യം നൽകാൻ ആഗ്രഹിക്കുന്ന സമർപ്പിത യുവജനങ്ങളെ പ്രത്യേകമായി ഈ സംഘടനയിലേക്ക് ക്ഷണിച്ചുകൊള്ളുന്നു.
* സാമ്പത്തിക പരാധീനതമൂലം തുടർചികിത്സ നടത്താൻ കഴിയാത്തവർക്കും അശരണർക്കും രോഗികൾക്കുമായി സാമ്പത്തിക സഹായം ചെയ്യുവാൻ ആഗ്രഹിക്കുന്നവർ സൊസൈറ്റിയുമായി ബന്ധപ്പെടുക.





## വിൻസെന്റ് ഡീപോൾ (വനിതാ വിഭാഗം)

- എല്ലാ തിങ്കളാഴ്ചയും 10.30 am ന് ജപമാലയോടുകൂടി വിൻസെൻഷ്യൻ അംഗങ്ങൾ സമ്മേളിക്കുന്നു.
- വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വികാരി റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ, അസിസ്റ്റന്റ് വികാരിമാരായ റവ. ഫാ. സ്കറിയ മെതിപ്പാറ, റവ. ഫാ. ജോസഫ് കാരക്കുന്നേൽ എന്നിവർക്ക് ആശംസ നേർന്നു.
- AC യുടെ അർദ്ധവാർഷിക സെമിനാർ 09.08.2025 ൽ സിയോൻ ഹാളിൽ വച്ച് നടത്തപ്പെട്ടു. CC സെക്രട്ടറി ബ. ജോസ് കുര്യൻ ഉദ്ഘാടനം നിർവഹിച്ചു. ശ്രീ സെബാസ്റ്റ്യൻ ജോസ് താന്നിക്കൽ ഏശയ്യ 54:2, മത്തായി 10:16 എന്നീ ബൈബിൾ വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് സെമിനാൾ നയിച്ചു. റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ അനുഗ്രഹ പ്രഭാഷണം നടത്തി.
- CC വനിതാ പ്രതിനിധി സി. ഡെയ്സി കോൺഫ്രൻസ് സന്ദർശിച്ചു.
- വിവാഹ സഹായം - 28000/-
- ചികിത്സാ സഹായം - 5000/-
- ഭവനസന്ദർശനം - 228, രോഗീ സന്ദർശനം - 137, ദത്തുകുടുംബ സന്ദർശനം - 57, സാന്ത്വനസന്ദർശനം - 42

## യൂദിത്ത് നവോമി ഫോറം

- യൂദിത്ത് നവോമി ഫോറത്തിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന സെന്റ്. ജി. എസ്. കൾച്ചറൽ സെന്റർ “ചിലങ്ക” യുടെ ഓണാഘോഷ പരിപാടികൾ സെപ്റ്റംബർ 4-ാം തീയതി 2 pm ന് പാരീഷ്ഹാളിൽ ആരംഭിക്കും.

  തദവസരത്തിൽ മുതലക്കോടം ഫൊറോന വികാരി റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ അദ്ധ്യക്ഷപദവി അലങ്കരിക്കുന്നതായിരിക്കും.





# കത്തോലിക്കാ കോൺഗ്രസ്

## WAN-25

- രാജ്യം 79-ാം സ്വാതന്ത്ര്യദിനം ആഘോഷിച്ച ആഗസ്റ്റ് 15-ാം തീയതി, മയക്കുമരുന്നുകളുടെയും ഇതര രാസലഹരികളുടെയും വ്യാപനം തടയുക എന്ന ലക്ഷ്യത്തോടെ Walk Against Narcotics - WAN’25 എന്ന പേരിൽ ഒരു പ്രചരണറാലി കാത്തലിക് കോൺഗ്രസ് സംഘടിപ്പിച്ചു. കുന്നം ജംഗ്ഷനിൽ 10.30 am ന് ആരംഭിച്ച റാലി എറണാകുളം സ്പെഷ്യൽ ബ്രാഞ്ച് എസ്.പി, വി.യു കുര്യാക്കോസ് ഫ്ളാഗ് ഓഫ് ചെയ്തു. കാത്തലിക്ക് കോൺഗ്രസ് ഫൊറോന ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ, ഗ്രീൻഫീൽഡ് ഹൈവേ സംരക്ഷണ സമിതി ചെയർമാൻ റവ. ഫാ. ജോസ് കിഴക്കേൽ, പ്രൊഫ. ജോജോ പാറത്തലക്കൽ, മാത്യു കൊച്ചുപറമ്പിൽ, പോൾ മച്ചുകുഴിയിൽ, ടോം ജെ. കല്ലറക്കൽ എന്നിവർ നേതൃത്വം നൽകി. ലഹരിക്കെതിരെ വിവിധ പ്രചരണ പോസ്റ്ററുകൾ ഉയർത്തി മുതലക്കോടം മേഖലയിലെ സെന്റ് ജോർജ്സ് യു.പി സ്കൂൾ, സേക്രട്ട് ഹേർട്ട് ഗേൾസ് ഹൈസ്കൂൾ, സെന്റ് ജോർജ്സ് ഹൈസ്കൂൾ, സെന്റ് ജോർജ്സ് ഹയർ സെക്കന്ററി സ്കൂൾ, ഹോളി ഫാമിലി സ്കൂൾ ഓഫ് നേഴ്സിംഗ്, കോ-ഓപറേറ്റീവ് സ്കൂൾ ഓഫ് ലോ എന്നീ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ, അദ്ധ്യാപകർ കിസാൻ സർവീസ് സൊസൈറ്റി, മറ്റ് സന്നദ്ധ സംഘടനകൾ, പൗരപ്രമുഖർ തുടങ്ങി നൂറുകണക്കിനാളുകൾ പങ്കെടുത്തു. മുതലക്കോടം ഹൈസ്കൂൾ ഗ്രൗണ്ടിൽ ലഹരിവിരുദ്ധ പ്രതിജ്ഞയോടെ റാലി അവസാനിച്ചു.

## ഛത്തീസ്ഗഡ് സംഭവം

- ജൂലൈ 25-ാം തീയതി ചത്തിസ്ഗഡിലെ ദുർഗ് റെയിൽവേ സ്റ്റേഷനിൽ, രണ്ട് മലയാളി സന്യസ്തർ മതപരിവർത്തനം ആരോപിക്കപ്പെട്ട് അറസ്റ്റിലായി ജയിലിലടക്കപ്പെട്ട സംഭവം

രാജ്യത്തൊട്ടാകെ വൻ പ്രതിഷേധങ്ങൾക്ക് ഇടയാക്കി. 27-ാം തീയതിയാണ് പ്രശ്നത്തിന്റെ ഗൗരവം പുറംലോകമറിയുന്നത്. 28-ാം തീയതി സംഘടനയുടെ രൂപതാ നേതൃത്വം മൂവാറ്റുപുഴയിൽ നടത്തിയ പ്രതിഷേധസമരത്തിലും തുടർന്ന് ആഗസ്റ്റ് 1-ാം തീയതി കോതമംഗലം രൂപത തൊടുപുഴയിൽ നടത്തിയ പ്രാർത്ഥനായജ്ഞത്തിലും മുതലക്കോടം യൂണിറ്റ് ഭാരവാഹികൾ ഉൾപ്പെടെ ഒട്ടേറെപ്പേർ പങ്കെടുത്തു. ആഗസ്റ്റ് 2-ന് സന്യസ്തർക്ക് ജുഡീഷ്യൽ ജാമ്യം ലഭിച്ചു. എങ്കിലും കേസ് തുടരുകയാണ്. ഈ സാഹചര്യത്തിൽ രാജ്യത്ത് നടക്കുന്ന സംഘപരിവാർ സ്പോൺസേർഡ് ക്രൈസ്തവ പീഢനം തടഞ്ഞ് ഭരണഘടന നൽകുന്ന ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കണമെന്നും സന്യസ്തർക്കെതിരെ ഛത്തീസ്ഗഡ് പോലീസ് എടുത്ത കള്ളക്കേസ് പിൻവലിക്കണമെന്നും ആവശ്യപ്പെട്ട് ആഗസ്റ്റ് 3-ാം തീയതി 08.30 am ന് ദേവാലയമുറ്റത്ത് പ്രതിഷേധ സംഗമം നടത്തി. മേൽ പറഞ്ഞ ആവശ്യങ്ങൾ ഉന്നയിച്ച് കേന്ദ്രന്യൂനപക്ഷക്ഷേമവകുപ്പ് സഹമന്ത്രി ശ്രീ ജോർജ് കുര്യന് കത്തയച്ചു. പ്രതിഷേധ സംഗമം റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ ഉദ്ഘാടനം ചെയ്തു. പ്രൊഫ. ജോജോ ജോസഫ്, ഫാ. സ്കറിയ മെതിപ്പാറ, ഫാ. ജോസഫ് കാരക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.

## NH - 85 വികസനം

- നാഷണൽ ഹൈവേ 85-ലെ നിർമ്മാണ തടസ്സം നീക്കണമെന്ന് ആവശ്യപ്പെട്ട് കാത്തലിക് കോൺഗ്രസ് രൂപതാ നേതൃത്വം ജൂലൈ 31 ന് നേര്യമംഗലത്ത് സംഘടിപ്പിച്ച സമരത്തിൽ മുതലക്കോടം യൂണിറ്റിൽ നിന്നും ഭാരവാഹികൾ പങ്കെടുത്തു. പ്രശ്നപരിഹാരം ഉണ്ടാകാത്തതിനാൽ നേര്യമംഗലം ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസ് പിക്കറ്റിംഗ് ഉൾപ്പെടെയുള്ള സമരപരിപാടികൾ തുടരുകയാണ്.

# കുടുംബവാർത്തകൾ

## നവദമ്പതികൾ

| നം | പേര് | വീട്ടുപേര് | ഇടവക | വിവാഹം |
|---|---|---|---|---|
| 01 | ഷോൺ<br>സുസന്ന | പുളിമൂട്ടിൽ<br>കളത്തിപ്പറമ്പിൽ | തൊടുപുഴ<br>മുതലക്കോടം | 09/08/2025 |
| 02 | റൂണി ഇമ്മാനുവേൽ<br>ഹന്ന റോസ് | കാരക്കുന്നേൽ<br>കുരുതുകുളങ്ങര കൂള | മുതലക്കോടം<br>അരണാട്ടുകര | 18/08/2025 |
| 03 | ബിൻസ്<br>സാന്ദ്ര | കുന്നുംപുറത്ത്<br>കുറുമ്പാലക്കാട്ട് | പൂഞ്ഞാർ<br>മുതലക്കോടം | 18/08/2025 |
| 04 | ടോം<br>സിന്റാ ആൻസ് | തോട്ടത്തിമ്യാലിൽ<br>ഏർത്തടത്തിൽ | തൊമ്മൻകുത്ത്<br>മുതലക്കോടം | 20/08/2025 |
| 05 | ജിബിൻ<br>സ്നെഫി | മഠത്തിക്കണ്ടത്തിൽ<br>മാറാമറ്റത്തിൽ | മുതലക്കോടം<br>ബഥേൽ | 21/08/2025 |
| 06 | അമൽ<br>അഞ്ചന മേരി | കുളംപള്ളിൽ<br>മാളിയേക്കൽ | കട്ടപ്പന<br>മുതലക്കോടം | 23/08/2025 |
| 06 | എബി<br>ജീന മേരി | കളരിയ്ക്കൽ<br>ഏറത്തുകുന്നേൽ | മുതലക്കോടം<br>മല്ലികശ്ശേരി | 25/08/2025 |

## പുതുമലരുകൾക്ക് സ്വാഗതം

| | | |
|---|---|---|
| വീട്ടുപേര് | : | പുതുപ്പറമ്പിൽ |
| മാമ്മോദീസാ പേര് | : | അന്ന സെറിൻ |
| വിളിപ്പേര് | : | അന്ന സെറിൻ |
| മാതാപിതാക്കൾ | : | ജിമ്മി - മേരി |
| മാമ്മോദീസാ | : | 27/04/2025 |

| | | |
|---|---|---|
| വീട്ടുപേര് | : | പുത്തൻപുരയിൽ |
| മാമ്മോദീസാ പേര് | : | അൽഫോൻസ |
| വിളിപ്പേര് | : | ഇവാന |
| മാതാപിതാക്കൾ | : | ജോർജ് - റോസ |
| മാമ്മോദീസാ | : | 14/08/2025 |

| | | |
|---|---|---|
| വീട്ടുപേര് | : | കുറുമ്പാലക്കാട്ട് |
| മാമ്മോദീസാ പേര് | : | റോസ്മേരി |
| വിളിപ്പേര് | : | എയ്റിൻ |
| മാതാപിതാക്കൾ | : | ജെയിംസ് - മിമിൻ |
| മാമ്മോദീസാ | : | 14/08/2025 |



## നിത്യതയിലേയ്ക്ക് വിളിക്കപ്പെട്ടവർ

ഒ.റ്റി. ജോസഫ് (89)
ഓലിക്കൽ
കാരിക്കോട് വാർഡ്
മരണം : 29/07/2025

സണ്ണി അഗസ്റ്റിൻ (57)
തുറയ്ക്കൽ
ഏഴുമുട്ടം വാർഡ്
മരണം : 06/07/2025

ജോൺ നെടുങ്കല്ലേൽ (ബേബി) (89)
നെടുങ്കല്ലേൽ
കനാൽ വാർഡ്
മരണം : 27/07/2025

## പ്രധാന ദിനങ്ങൾ - സെപ്റ്റംബർ

| | | |
|---|---|---|
| 01 | തിങ്കൾ | എട്ടുനോമ്പാരംഭം |
| 05 | വെള്ളി | ആദ്യവെള്ളി, |
| | | വി. ശിമയോൻ ബർസാബയും സഹരക്തസാക്ഷികളും, |
| | | കൊൽക്കോത്തയിലെ വി. തെരേസ |
| 08 | തിങ്കൾ | പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ |
| 13 | ശനി | വി. ജോൺ ക്രിസോസ്തോം |
| 14 | ഞായർ | വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| 20 | ശനി | വി. മത്തായി ശ്ലീഹാ |
| 27 | ശനി | വി. വിൻസെന്റ് ഡി പോൾ |
| 29 | തിങ്കൾ | വി. മിഖായേൽ, വി. ഗബ്രിയേൽ, വി. റഫായേൽ |
| 30 | ചൊവ്വ | വി. ജെറോം |

### വിവാഹ ഒരുക്ക സെമിനാർ

മൂവാറ്റുപുഴ നെസ്റ്റ്
**2025 സെപ്റ്റംബർ 1 - 3, 18 - 20**
ഫോൺ : 0485 -2830035 (10.00 - 4.00) , മൊബൈൽ : 9495011191, 9539658158
Online on : www.familyapostalateklm.com





ലോഗോസ് ക്വിസിന് ഒരുങ്ങുന്നതിനായി ഇത്തവണ പ്രഭാഷകന്മാരുടെ പുസ്തകം 41 മുതൽ 50 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്നുമാണ് ചോദ്യങ്ങൾ നൽകിയിരിക്കുന്നത്. ഒരു അദ്ധ്യായത്തിൽ നിന്ന് ഒരു ചോദ്യം എന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 20

## BIBLE QUIZ

1. പാപികളുടെ സന്താനങ്ങൾ എവിടെയാണ് സമ്മേളിക്കുന്നത്?
2. കർത്താവിന്റെ പ്രവൃത്തികൾ ആരു/എന്തു വഴിയാണ് നിർവ്വഹിക്കപ്പെടുന്നത്?
3. പൂർണ്ണതയിൽ എത്തിയിട്ടു ക്ഷയിക്കുന്ന വെളിച്ചമേതാണ്?
4. 'വിനാശത്തിന്റെ നാളിൽ ഒഴിവാക്കപ്പെട്ട മുള' എന്നു വിശേഷിപ്പിച്ചിരിക്കുന്നത് ആരെയാണ്?
5. അഹറോന്റെ സ്വർണ കിരീടത്തിൽ കൊത്തിയിരിക്കുന്നത് എന്താണ്?
6. ജനത്തെ തേനും പാലും ഒഴുകുന്ന നാട്ടിൽ പ്രവേശിപ്പിക്കുന്നതിന് അവശേഷിച്ച രണ്ടു യോദ്ധാക്കൾ ആരൊക്കെയാണ്?
7. സോളമനെ കീഴ്പ്പെടുത്തിയത് എന്താണ്?
8. മരണശേഷവും പ്രവചനം നടത്തിയതും അത്ഭുതങ്ങൾ പ്രവർത്തിച്ചതും ആരാണ്?
9. ആരുടെ അസ്ഥികളാണ് സൂക്ഷിക്കപ്പെടുന്നത്?
10. 50-ാം അദ്ധ്യായത്തിൽ എത്ര വാക്യങ്ങളുണ്ട്?

## കഴിഞ്ഞലക്കം ഉത്തരങ്ങൾ

1. ജഫ്ത
2. വയലിൽ
3. തേൻകൂട്
4. 1000
5. സോറേക്കു താഴ്‌വര
6. മിക്കാ
7. ലായിഷ്
8. 30
9. ഗിബെയ
10. മിസ്പ

## കഴിഞ്ഞലക്കം വിജയികൾ

1. ആനി ജോർജ് താന്നിയ്ക്കൽ
2. ലൂസി ഫ്രാൻസിസ് കോട്ടയിൽ
3. ഗ്രേസി ജോൺ തുറയ്ക്കൽ
4. എൽസി ജോസഫ് കുന്നുമ്മേൽ
5. റോസമ്മ പോൾ കൊച്ചുപറമ്പിൽ
6. മേഴ്സി കുര്യൻ ഇരണയ്ക്കൽ
7. മേരി ജോസഫ് ആർപ്പാമറ്റംപുത്തൻപുരയിൽ
8. മേരി സെബാസ്റ്റ്യൻ കാരിക്കുഴിയിൽ
9. സാറാമ്മ ഫിലിപ്പ് പുല്ലാനപ്പിള്ളിൽ
10. സോന സാജു കുരീക്കുന്നേൽ
11. സോണിയമോൾ സാജു കുരീക്കുന്നേൽ
12. ബിജി സാജു കുരീക്കുന്നേൽ
13. സോണി സാജു കുരീക്കുന്നേൽ
14. ലിസി ജോസ് കുന്നത്ത്





## വാർഡ് പ്രാർത്ഥന ആഗസ്റ്റ് 2025

| തീയതി | വാർഡ് | ഭവനം |
|---|---|---|
| 01.09.2025 | അണ്ണായിക്കണ്ണം | അഖിൽ തോമസ് മലേപ്പറമ്പിൽ |
| 02.09.2025 | കനാൽ നോർത്ത് | സിബു പീറ്റർ കൊച്ചുപുത്തൻപുരയിൽ |
| 03.09.2025 | കനാൽ | വിൽസൺ ജോസഫ് മഞ്ചപ്പിള്ളിൽ |
| 04.09.2025 | താബോർ | ജോസൺ ജേക്കബ് അധികാരം |
| 06.09.2025 | ചിറക്കണ്ടം | മാണി ചാക്കോ പേമരത്തിൽ |
| 08.09.2025 | മുതലക്കോടം | ജോഷി വർക്കി മംഗലശ്ശേരിൽ |
| 09.09.2025 | മുതലക്കോടം ടൗൺ | ബിജോയി വർഗീസ് ജോസ്‌വില്ല |
| 10.09.2025 | ശാസ്താംപാറ | എബിൻ തോമസ് പൂച്ചാലിൽ |
| 11.09.2025 | ആർപ്പാമറ്റം | ബേബി തോമസ് കൈമറ്റത്തിൽ |
| 13.09.2025 | മുതലക്കോടം നോർത്ത് | സാറാമ്മ ജോസ് ഓലിക്കൽ |
| 15.09.2025 | കൊതകുത്തി | ബിജു ജേക്കബ് മൂലയിൽ |
| 16.09.2025 | സാൻജോ | സിജു ജോർജ് കാരകുന്നേൽ |
| 17.09.2025 | ഉരുളക്കോട് | ജോർജ് മത്തായി കൊച്ചുപറമ്പിൽ |
| 18.09.2025 | മഠത്തിക്കണ്ടം | ജോൺ പൈലി മഠത്തിക്കണ്ടത്തിൽ |
| 20.09.2025 | മുതലക്കോടം സ്റ്റേഡിയം | തങ്കച്ചൻ ജെയിംസ് മാളിയേക്കൽ |
| 22.09.2025 | മങ്ങാട്ടുകവല | എം.ജെ ചാക്കോ മലമ്പാറയ്ക്കൽ |
| 23.09.2025 | പെട്ടേനാട് ബി | പ്രിൻസ് മാത്യു ആനിത്തോട്ടത്തിൽ |
| 24.09.2025 | ഇടിക്കിട്ടി | സാബു അഗസ്റ്റിൻ തുറയ്ക്കൽ |
| 25.09.2025 | പാങ്ങാംപാറ | ബിജു വർഗീസ് മഞ്ഞപ്പിള്ളിക്കുന്നേൽ |
| 27.09.2025 | പെട്ടേനാട് എ | കൊച്ചുറാണി വർഗീസ് മാളിയേക്കൽ |
| 29.09.2025 | പഴുക്കാകുളം നോർത്ത് | ബേബി മാത്യു പെരിയകോട്ടിൽ |
| 30.09.2025 | കാഞ്ഞിരംപാറ | മാത്യു വർഗീസ് കണ്ടത്തിൻകരയിൽ |
| 01.10.2025 | മുതലക്കോടം സൗത്ത് | ഇമ്മാനുവൽ ജോർജ് തയ്യിൽ |
| 02.10.2025 | തൊണ്ടിക്കുഴ എ | മാനുവൽ കെ.യു. കേളകത്ത് |
| 04.10.2025 | തൊണ്ടിക്കുഴ ബി | കുരുവിള റ്റി.വി. തെക്കേകുറ്റിപാലയ്ക്കൽ |
| 06.10.2025 | തൊണ്ടിക്കുഴ സ്കൂൾ | വിൻസെന്റ് വർഗീസ് എഴുത്തുപിള്ളിൽ |
| 07.10.2025 | കാരിക്കോട് | ആന്റണി ജോസഫ് കുന്നേൽ |
| 08.10.2025 | സെന്റ്. ജോർജ്ജ് ഹൈസ്കൂൾ | ജെസ്സി ജോണി മഠത്തിക്കണ്ടത്തിൽ |







# തിരുവചന വായനകൾ

## സെപ്റ്റംബർ 2025

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | **1**<br>1 യോഹ.<br>4:7-11<br>ലൂക്കാ.<br>6:43-45 | **2**<br>1 തെസ.<br>3:2-6<br>മത്താ.<br>9:18-26 | **3**<br>1 തെസ.<br>5:1-11<br>മത്താ.<br>24:37-44 | **4**<br>റോമാ.<br>15:14-21<br>മത്താ.<br>12:46-50 | **5**<br>എഫേ.<br>4:7-12(4:1-16)<br>യോഹ.<br>15:1-25 | **6**<br>1 യോഹ.<br>2:1-6<br>ലൂക്കാ.<br>21:5-6,20-24 |
| **7**<br>2 തെസ.<br>1:3-10(1:1-10)<br>ലൂക്കാ.<br>18:35-43 | **8**<br>2 കോറി.<br>12:1-6<br>ലൂക്കാ.<br>12:35-40 | **9**<br>ഗലാ.<br>3:15-20<br>ലൂക്കാ.<br>9:23-27 | **10**<br>ഗലാ.<br>4:8-11<br>ലൂക്കാ.<br>12:41-48 | **11**<br>1 പത്രോ.<br>1:22-25<br>ലൂക്കാ.<br>17:20-37 | **12**<br>റോമാ.<br>8:18-25<br>ലൂക്കാ.<br>12:54-59 | **13**<br>2 പത്രോ.<br>3:8-13<br>മത്താ.<br>13:44-51 |
| **14**<br>1 കോറി.<br>1:18-25(1:18-35)<br>ലൂക്കാ.<br>24:13-27 | **15**<br>ഫിലി.<br>4:10-14<br>മത്താ.<br>5:43-48 | **16**<br>2 പത്രോ.<br>3:1-7<br>മത്താ.<br>23:29-36 | **17**<br>1 തെസ.<br>4:13-18<br>മത്താ.<br>24:29-36 | **18**<br>1 തിമോ.<br>1:12-17<br>മത്താ.<br>25:31-41 | **19**<br>2 തിമോ.<br>2:1-7<br>ലൂക്കാ.<br>4:31-37 | **20**<br>കൊളോ.<br>1:24-29<br>ലൂക്കാ.<br>15:1-7 |
| **21**<br>ഫിലി.<br>3:1-11(3:1-14)<br>മത്താ.<br>17:14-21 | **22**<br>1 യോഹ.<br>5:13-21<br>യോഹ.<br>8:39-47 | **23**<br>റോമാ.<br>3:1-8<br>മത്താ.<br>10:26-33 | **24**<br>2 കോറി.<br>13:5-10<br>മത്താ.<br>21:18-22 | **25**<br>2 പത്രോ.<br>2:20-22<br>മത്താ.<br>11:11-19 | **26**<br>2 പത്രോ.<br>1:20-2:3<br>മത്താ.<br>15:1-9 | **27**<br>1 തെസ.<br>1:4-8<br>ലൂക്കാ.<br>8:16-21 |
| **28**<br>ഫിലി.<br>4:4-9(4:4-23)<br>മത്താ.<br>15:21-28 | **29**<br>ഫിലി.<br>1:21-26<br>മർക്കോ.<br>8:31-38 | **30**<br>തീത്തോ.<br>2:11-14<br>മർക്കോ.<br>9:42-48 | | | | |





സ്നേഹസ്മരണയ്ക്ക്......

# 7-ാം ചരമവാർഷികം



## അമ്മിണി മാത്യു

ജനനം : 23-01-1941
മരണം : 11-09-2018

## പി.സി. മാത്യു

ജനനം : 26-05-1938
മരണം : 13-09-2018

**ചെമ്പരത്തി (പാലിയേക്കുന്നേൽ)**

**മുതലക്കോടം**

"കർത്താവിന്റെ കൈയിൽ നീ മനോഹരമായ ഒരു കിരീടമായിരിക്കും.
നിന്റെ ദൈവത്തിന്റെ കരങ്ങളിൽ ഒരു രാജകീയ മകുടവും" (ഏശയ്യ ൬൨:൩)

സ്നേഹസ്മരണയ്ക്ക്......

## 2-ാം ചരമവാർഷികം



# ജോസഫ് എം.പി.

## (കുട്ടിയച്ചൻ)

### മഠത്തിക്കണ്ടത്തിൽ

### മുതലക്കോടം

ജനനം: 26-05-1956    മരണം: 20-09-2023

പാവനസ്മരണയ്ക്ക്......

# 41–ാം ചരമദിനം

(05–09–2025)



# ജോൺ നെടുങ്കല്ലേൽ (ബേബി)

## നെടുങ്കല്ലേൽ

മുതലക്കോടം

ജർമ്മനി

ജനനം: 09–09–1951 മരണം : 27–07–2025

"ഞാനാണ് പുനരുത്ഥാനവും ജീവനും;
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ. 11:25)

# സ്നേഹസ്മരണയ്ക്ക്......

## 11–ാം ചരമവാർഷികം



## ജോൺ കുര്യാക്കോസ്
(ഓനച്ചൻ)

ജനനം : 10–10–1941
മരണം : 24–09–2014

## 115–ാം ചരമദിനം



## മേരി ജോൺ

ജനനം : 14–03–1943
മരണം : 10–06–2025

## കുറുമ്പാലക്കാട്ട്
ആർപ്പാമറ്റം

സ്നേഹസ്മരണയ്ക്ക്......

## 2–ാം ചരമവാർഷികം



# സിസിലാമ്മ ജോർജ്ജ്

## വലിയപുത്തൻപുരയിൽ
## (ഏഴാനിക്കാട്ട്)

### മുതലക്കോടം

ജനനം:01–03–1944 മരണം: 16–09–2023

# Honouring

## THE SERVICE OF OUR RETIRED PARISH MEMBERS OF THE ARMED FORCES



**K.V.JACOB**
Chemparathy
(Kizhakkedathil)



**JOSEPH P.V.**
Arpamattam
Puthenpurayil



**Maj.JEENA FEBIN**
Chemparathy



**GEORGE THOMAS**
Puthenpurayil



Perikilathu
**J JOSEPH**



**PAPPACHAN**
Pallathu



**BABY K.M.**
Kurumbalathu



**K.C.MANI**
Kottarathil



**SANIL THOMAS**
Veluthedathuparambil



**MONSON MATHEW**
Pezhakkattil



**GEORGE MATHEW**
Mathilamcherry



**O M THOMMACHAN**
Thomas Villa



**MICHEAL GEORGE**
Vettukattil



**JOSEPH JOHN**
Kunchirakattu



**JOHN**
Kalapurackal



**THOMAS MATHEW**
Kunchirakkattu



**GEORGE V.G.**
Vettukattil